# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2411 — 14/06/2019-ൽ മറുപടിക്ക്

## വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ട നടപടിക്രമങ്ങൾ

| | ചോദ്യം<br><br>**ശ്രീ.പി.സി. ജോർജ്** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഗാർഹിക ആവശ്യത്തിനായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനു വേണ്ട നടപടിക്രമങ്ങൾ വ്യക്തമാക്കുമോ; | (എ) | ഗാർഹിക വൈദ്യുതി കണക്ഷനുകൾക്കുള്ള അപേക്ഷ അതാതു സെക്ഷൻ ഓഫീസുകളിൽ സ്വീകരിക്കുന്നതിന് പുറമെ ഓൺലൈനായും സ്വീകരിച്ചുവരുന്നു. സാധാരണഗതിയിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നീ രണ്ട് രേഖകൾ മാത്രം ആവശ്യപ്പെട്ടുകൊണ്ടു KSEBL ഗാർഹിക വൈദ്യുതി കണക്ഷൻ നൽകി വരുന്നു.<br><br>തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളോ റവന്യൂ അധികാരികളോ നൽകുന്ന ബിൽഡിങ്ങിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, സ്ഥലത്തിന്റെ കൈവശാവകാശം/ ഉടമസ്ഥാവകാശം, ആധാരത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, നടപ്പ വർഷത്തെ കരമടച്ച രസീതിന്റെ പകർപ്പ്, ഇവയിൽ ഏതെങ്കിലും രേഖ ഉടമസ്ഥാവകാശം തെളിയിക്കാനായി ഹാജാരാക്കാവുന്നതാണ്. (വാടകക്കാരാണെങ്കിൽ വാടകകരാറിന്റെ പകർപ്പ് കൂടാതെ ഉടമസ്ഥന്റെ പക്കൽ നിന്നുള്ള 'നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും' ഉടമസ്ഥാവകാശപത്രവും ഹാജരാക്കേണ്ടതുണ്ട് ).<br><br>ഗാർഹിക വൈദ്യുതി കണക്ഷന് വേണ്ടി ഈ രേഖകൾക്കു പകരമായി റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച ഐ ഡി കാർഡ്, ഇലക്ഷൻ ഐ ഡി കാർഡ്, ആധാർ കാർഡ്, ഇന്ത്യൻ പാസ്പോർട്ട്, NPR കാർഡ്, |

| | | | |
|---|---|---|---|
| | | | അടുത്തകാലത്തുള്ള സർക്കാർ കമ്പനികളുടെയോ അംഗീകൃത ഏജൻസികളുടെയോ ജലം/ഗ്യാസ്/ടെലിഫോൺ ബില്ലുകൾ, തൊഴിലുറപ്പ് പദ്ധതിയുടെ കാർഡ് (ഇവയിലെ അഡ്രസ്സും വൈദ്യുതി കണക്ഷൻ വേണ്ട സ്ഥലത്തിന്റെ അഡ്രസ്സും ഒന്നാണെങ്കിൽ) ഇവയിലേതെങ്കിലും ഉടമസ്ഥാവകാശ രേഖയായി ഹാജാരാക്കാവുന്നതാണ്.<br><br>എല്ലാവർക്കും വൈദ്യുതി നൽകുക എന്ന ലക്ഷ്യം മുൻനിർത്തി കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ ലഘൂകരിച്ചതിന്റെ ഭാഗമായി ഗാർഹിക വൈദ്യുതി കണക്ഷന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ബിൽഡിംഗ് പെർമിറ്റ്/പ്ലാൻ എന്നിവയും ഉടമസ്ഥാവകാശ രേഖയായി അംഗീകരിച്ചിട്ടുണ്ട്. 1500 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്ക് താല്ക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ഹാജാരാക്കിയാലും 1076 ചതുരശ്ര അടിയോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും ഒരു സമ്മതപത്രത്തിന്റെ പിൻബലത്തിലും വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. |
| (ബി) | ചെറുകിട/വൻകിട വ്യവസായ ആവശ്യങ്ങൾക്കായി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുവേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ? | (ബി) | ചെറുകിട/വൻകിട വ്യവസായങ്ങളുടെ വൈദ്യുതി കണക്ഷനുള്ള അപേക്ഷ സെക്ഷൻ ഓഫീസുകളിൽ സ്വീകരിക്കുന്നതിന് പുറമെ ഓൺലൈനായും സ്വീകരിച്ചുകൊണ്ടു സാധാരണഗതിയിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നീ രണ്ട് രേഖകൾ സ്വീകരിച്ചുകൊണ്ടു KSEBL വൈദ്യുതി കണക്ഷൻ നൽകി വരുന്നു. ചെറുകിട വൻകിട വ്യവസായങ്ങൾക്കു കണക്ഷന് വേണ്ടി അപേക്ഷിക്കുമ്പോൾ, ആവശ്യമായ വൈദ്യുതി നൽകാൻ വൈദ്യുതി ശൃംഖലയ്ക്കു പ്രാപ്തിയുണ്ടോയെന്നു പരിശോധിക്കുകയും കണക്ഷൻ നൽകാൻ പറ്റുമെങ്കിൽ പവർ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകുകയും അല്ലാത്തപക്ഷം വൈദ്യുതി |

-3-

| | | | |
|---|---|---|---|
| | | | ശൃംഖലയെ ശക്തിപ്പെടുത്തുവാൻ വേണ്ടി വരുന്ന ചെലവ് അപേക്ഷകനെ അറിയിക്കുകയും ചെയ്യുന്നു. അപേക്ഷകൻ ആവശ്യമായ തുക അടയ്ക്കുമ്പോൾ KSEBL വേണ്ട പ്രവൃത്തി നടത്തിയതിനു ശേഷം കണക്ഷൻ നൽകുകയും ചെയ്യുന്നു. ചെറുകിട വൻകിട വ്യവസായങ്ങൾക്കു HT/EHT കണക്ഷനുകളാണ് ആവശ്യമെങ്കിൽ മേല്പറഞ്ഞ നടപടികൾക്ക് പുറമെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ സ്കീം അപ്രൂവൽ/എനെർജിസേഷൻ അപ്രൂവൽ എന്നിവ കൂടി പരിശോധിച്ച വൈദ്യുതി കണക്ഷൻ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ